"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസർഗോഡ് ജില്ലയിലെ മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.എം.രവീന്ദ്രക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.549/2022/LSGD തീയതി,തിരുവനന്തപുരം, 08-03-2022

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16.08.2014-ലെ ഇ14 (എസ് സി 48/13/KSD) 35919/2013 നമ്പർ റിപ്പോർട്ട്.
2. പഞ്ചായത്ത് ഡയറക്ടറുടെ 17.03.2017-ലെ ഡി9-15927/2016നമ്പർ കുറ്റാരോപണ മെമ്മോ.
3. ശ്രീ. എം. രവീന്ദ്ര 08.05.2017ൽ സമർപ്പിച്ച എതിർവാദ പത്രിക
4. കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28.11.2017 ബി1 – 1961/17/എസ് സി6 നമ്പർ റിപ്പോർട്ട്.
5. പഞ്ചായത്ത് ഡയറക്ടറുടെ 12.03.2018-ലെ ഡി9-15927/2016നമ്പർ നടപടിക്രമം.
6. സർക്കാരിന്റെ 17.08.2021-ലെ ഇപിബി3/308/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
7. ശ്രീ.എം.രവീന്ദ്ര 01.10.2021 ൽ സമർപ്പിച്ച മറുപടി
8. സ.ഉ.(സാധാ) നം. 2168/2021/തസ്വഭവ തീയതി 01.11.2021
9. കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 04.01.2022 ലെ ഡിഡിപി/കെ.എസ്.ഡി/ 1550/2021/എസ്. സി 6 നമ്പർ ഔപചാരികാന്വേഷണ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ മംഗൽപ്പാടി ഗ്രാമപഞ്ചായത്തിലെ മണൽ കടവുകളിൽ നിന്നും മണൽ ഖനനവും , വിതരണവും നടത്തുന്നതിൽ ക്രമക്കേടുകൾ നടക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറകടർ പരാമർശം (1) പ്രകാരം സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിൻമേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ കൊണ്ട് വിശദമായി അന്വേഷിക്കുകയും തുടർ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നല്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിയ അന്വേഷണത്തിൽ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് 2001 പ്രകാരം, കടവ് കമ്മിറ്റി യോഗങ്ങൾ ചേരാതിരിക്കുക, കടവ് കമ്മിറ്റിക്കും കടവ് സൂപ്പർവൈസർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകാതിരിക്കുക, കടവുകളിൽ വിതരണം ചെയ്തിരുന്ന പി.

ഫോറം രസീതുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കാതിരിക്കുക, കടവുകളിൽ നിന്നും മണൽ കയറ്റി ദൂരസ്ഥലങ്ങളിലേക്ക് പോകുന്ന വാഹനങ്ങളിൽ ശേഷിയിൽ കുറഞ്ഞ അളവ് മണൽ കൊണ്ടുപോകുന്നതായി പി.ഫോമുകളിൽ രേഖപ്പെടുത്തുക, എന്നീ വീഴ്ചകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലും കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.എം. രവീന്ദ്രക്കെതിരെ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ മുൻനിർത്തി പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

1. ഗ്രാമപഞ്ചായത്തിലെ 5 മണൽ കടവുകളിലായി വിതരണം ചെയ്തിരുന്ന 2 ഫോറം രസീതുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കാതെ. ക്രമരഹിതമായി കടവ് സൂപ്പർവൈസർക്ക് നൽകി കടവുകളിൽ ക്രമക്കേടിനും അഴിമതിയ്ക്കുമുള്ള സഹാചര്യം സൃഷ്ടിച്ച് കൃത്യവിലോപം കാട്ടി.

2. കേരള നദീ തീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും, ആക്ട് 2001, പ്രകാരം കടവ് കമ്മിറ്റി യോഗങ്ങൾ ചേരാതെ, മേൽ നിയമത്തിലൂടെ കടവ് കമ്മിറ്റിയിൽ നിക്ഷിപ്തമായ അധികാരങ്ങളും, കർത്തവ്യങ്ങളും നിർവഹിക്കുന്നതിന്, കടവ് കമ്മിറ്റിയും കടവ് സൂപ്പർവൈസർമാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി, മേൽ നിയമം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തി.

3. വിവിധ കടവുകളിൽ നിരവധി ഫോമുകളിൽ 1 ടൺ മണൽ വീതം വിൽപന നടത്തിയതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത് ഉദാ: ടാറ്റാ 407 മിനിലോറി (ടെമ്പോ) യിൽ 3 മെട്രിക് ടൺ വരെ മണൽ കയറ്റാവുന്നതാണെന്നിരിക്കെ 1 മെട്രിക് ടൺ മാത്രം കയറ്റിയെന്ന് ചില പി ഫോമുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ കടവുകളിൽ നിന്നും 100 കിലോമീറ്ററോളം ദൂരമുള്ള ജില്ലയിലെ തെക്കേ അറ്റമായ ഒളവറയിലേക്കും, കിഴക്കേ അറ്റമായ കൊന്നക്കാട് തുടങ്ങിയ സ്ഥലങ്ങളിലേക്കും, കൂടുതൽ ശേഷിയുള്ള വാഹനങ്ങളിൽ കുറഞ്ഞ അളവിൽ മണൽ കൊണ്ടുപോകുന്നതായി, നിരവധി പി. ഫോമുകളിൽ രേഖപ്പെടുത്തി കാണുന്നു. ഇവിടെയ്ക്ക് 1 ടൺ മണൽ കൊണ്ടുപോകാൻ കൂടുതൽ ശേഷിയുള്ള വാഹനം വാടക നൽകി ഉപയോഗിച്ചുവെന്നത് സംശയകരമാണ്. മേൽ പ്രകാരം പി. ഫോമുകളിൽ കൃത്രിമം കാണിച്ചതിലൂടെ 05.03.2011 മുതൽ 25.03.2011 വരെ 6084/- രൂപ പഞ്ചായത്തിന് നഷ്ടം വരുത്തിയതായി കണ്ടെത്തിയിരിക്കുന്നു. കൂടാതെ പി.ഫോമുകളിൽ രേഖപ്പെടുത്തിയ വാഹന നമ്പറുകൾ കേരള മോട്ടോർ വാഹന വകുപ്പിന്റെ വെബ് സൈറ്റ് മുഖേന പരിശോധിച്ചതിൽ കാറുകൾ, മോട്ടോർ സൈക്കിളുകൾ ഓട്ടോറിക്ഷകൾ എന്നിവ മണൽ കടത്തുന്നതിന് ഉപയോഗിച്ചതായി കാണുന്നു. ഇതിൽ നിന്നും വാഹനങ്ങളുടെ വ്യാജ നമ്പറുകൾ ഉപയോഗിച്ച് അനധികൃതമായി മണൽ കടത്തിയതായി കാണുന്നു. മേൽ പ്രവർത്തികളിലൂടെ മണൽ കടത്തിന് കൂട്ടു നിന്ന് ഗ്രാമ പഞ്ചായത്തിന് ധനനഷ്ടം വരുത്തി.

കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.എം. രവീന്ദ്ര പരാമർശം (3) പ്രകാരം എതിർവാദ പ്രതിക സമർപ്പിച്ചു. എതിർവാദ പ്രതികയിൽ 8.02.2003 മുതൽ 05.07.2011 വരെ ടിയാൻ മംഗൽപാടി ഗ്രാമപഞ്ചായത്തിൽ ജോലിചെയ്തിരുന്ന കാലയളവിൽ കാസർഗോഡ് തഹസീൽദാരും, ജിയോളജിസ്റ്റും ഒപ്പിട്ടുതരുന്ന പി. ഫോം മാത്രമാണ് കടവുകളിൽ ഉപയോഗിച്ചിട്ടുള്ളതെന്നും പി ഫോം പഞ്ചായത്തിൽ ലഭിച്ചതിനും വിതരണം ചെയ്തതിനും മംഗൽപാടി പഞ്ചായത്തിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടെന്നും ഫോറം വിതരണം ചെയ്യുന്നതിനും രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിനും സെക്ഷൻ ക്ലാർക്കിനും ജൂനിയർ സൂപ്രണ്ടിനും രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പറയുന്നു. പ്രസ്തുത കാലഘട്ടത്തിൽ മംഗൽപാടി ഗ്രാമപഞ്ചായത്തിൽ പെർഫോമൻസ് ഓഡിറ്റ് ടീം ഉൾപ്പെടെ വിവിധ യൂണിറ്റുകൾ പരിശോധനകൾ നടത്തിയിട്ടുണ്ടെങ്കിലും യാതൊരുവിധ ക്രമക്കേടും ആരും റിപ്പോർട്ട് ചെയ്തിട്ടില്ല എന്നും ടിയാൻ സ്ഥലം മാറി പോയി നാലുവർഷത്തോളം കഴിഞ്ഞതിനുശേഷമാണ് ക്രമക്കേട് കണ്ടെത്തിയതായി പറയുന്നത് എന്നും സൂചിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തുതല കടവു കമ്മിറ്റിയുടെ സെക്രട്ടറി എന്ന നിലയിൽ മാസം തോറും കടവുകമ്മിറ്റികൾ വിളിച്ച് ചേർക്കാറുണ്ട് എന്നും ഇതിനുള്ള രേഖകൾ പഞ്ചായത്തിൽ ലഭ്യമാണെന്നും എന്നാൽ പല കമ്മിറ്റികളും ക്വാറം തികയാറില്ല എന്നും ഈ കാര്യങ്ങൾ പലതവണ പഞ്ചായത്ത് കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. കടവ് സൂപ്പർവൈസർമാരായി പഞ്ചായത്ത്

ഭരണസമിതിക്ക് താൽപര്യമുള്ള ആളുകളെയാണ് നിയമിക്കാറുള്ളതെന്നും സൂപ്പർവൈസർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും എഗ്രിമെന്റ് വെച്ചിട്ടുണ്ടെന്നും സൂപ്പർവൈസർമാർ പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആയതിനാൽ സെക്രട്ടറി എന്ന നിലയിൽ കടവ് സൂപ്പർവൈസർമാരെ നിയന്ത്രിക്കുന്നതിൽ പരിമിതികൾ ഉണ്ടായിരുന്നുവെങ്കിലും ജില്ലാ കളക്ടറുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും നിർദ്ദേശങ്ങൾ കടവ് കമ്മിറ്റിക്കും സൂപ്പർവൈസർമാർക്കും അപ്പപ്പോൾ നൽകിയിട്ടുണ്ടെന്നും പറയുന്നു. ഈ കാര്യത്തിൽ ടിയാന്റെ ഭാഗത്തു നിന്നും വീഴ്ചയൊന്നും ഉണ്ടായിട്ടില്ല എന്നും വാഹനങ്ങളുടെ നമ്പർ രേഖപ്പെടുത്തുന്നതും മണലിന്റെ അളവ് എഴുതുന്നതും കടവ് സൂപ്പർവൈസർമാർ മാത്രമാണ് എന്നും പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാരെ പഞ്ചായത്തിലെ കടവുകളിൽ പാസ്സ് നൽകുന്നതിനായി നിയോഗിക്കുന്നത് ഭരണ സമിതി അനുവദിക്കാറില്ല എന്നും ഇക്കാര്യത്തിൽ പഞ്ചായത്ത് സെക്രട്ടറി എന്ന നിലയിൽ മുഴുവൻ സമയവും കടവുകളിൽ പരിശോധിക്കുന്നതിന് പരിമിതികൾ ഉണ്ടെന്നും പറയുന്നു.

എതിർവാദ പ്രതികയിൻമേൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (4) പ്രകാരം അഭിപ്രായ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ പഞ്ചായത്തിലെ ജോലി ഭാരത്തിനിടയിലും കടവുകൾക്കാവശ്യമായ പി. ഫോറങ്ങൾ കടവ് സൂപ്പർവൈസർമാർക്ക് വിതരണം ചെയ്യുകയും സ്റ്റോക്ക് രജിസ്റ്ററിൽരേഖപ്പെടുത്തുകയും ചെയ്യതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും ചട്ടം 16 (ജെ) പ്രകാരം കടവിൽ നിന്ന് കൊണ്ടുപോകുന്ന ഓരോ ലോഡ് മണലിനും പാസ് നൽകേണ്ടത് ഗ്രാമപഞ്ചായത്താണെന്നും എന്നാൽ ടി പ്രവർത്തനം നടത്തുന്നതിന് കടവു സൂപ്പർവൈസർമാരെ നിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതു നിർവ്വഹിക്കുന്നതിന്റെ വ്യക്തിപരമായ ഉത്തരവാദിത്വം കടവു സൂപ്പർവൈസർമാർക്കാണ് എന്നും മോണിറ്ററിംഗ് ഉത്തരവാദിത്തം സെക്രട്ടറി നിർവഹിക്കേണ്ടതുമാണെന്നും സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട് എന്നും ആയതിനാൽ മോണിറ്ററിംഗ് വീഴ്ച ഒഴികെയുള്ള സെക്രട്ടറിയുടെ വാദം അംഗീകരിക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി കടവ് കമ്മിറ്റികൾ യഥാസമയം വിളിച്ച് കൂട്ടുന്നതിനായി അറിയിപ്പുകൾ നൽകിയിരുന്നെങ്കിലും കടവ് കമ്മിറ്റിയിലെ അംഗങ്ങളെല്ലാവരും പങ്കെടുക്കാത്തത് കൊണ്ട് ക്വാറം തികയാതെ പലതവണയും മാറ്റിവെയ്ക്കുകയാണ് ഉണ്ടായതെന്നും കടവ് കമ്മിറ്റികൾ കൃത്യമായി പ്രവർത്തിക്കാത്തതാണ് കടവുകളിൽ ഗുരുതരമായ വീഴ്ച സംഭവിക്കാൻ കാരണമെന്നും കടവുകളിൽ മണൽ പാസ് അനുവദിക്കാനുള്ള ചുമതല കടവ് സൂപ്പർവൈസർക്കാണ് എന്നും മാത്രമല്ല പി. ഫോറങ്ങളിൽ മണൽ കൊണ്ടു പോകുന്ന വാഹനത്തിന്റെ തരവും നമ്പരും മണലിന്റെ അളവും രേഖപ്പെടുത്തുന്നത് കടവ് സൂപ്പർവൈസർമാരാണ് എന്നും മണൽ കൊണ്ടുപോകുന്ന വാഹനത്തിന്റെ തരം, നമ്പർ, മണലിന്റെ അളവ് എന്നീ വിവരങ്ങൾ പഞ്ചായത്തിലെ അഞ്ച് കടവിലും പഞ്ചായത്ത് നേരിട്ട് പരിശോധിച്ചാലേ കൃത്യത ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ എന്നും അങ്ങനെ പരിശോധിക്കണമെങ്കിൽ ഓരോ കടവുകളിലേക്കും ഓരോ പഞ്ചായത്ത് സ്റ്റാഫിനെ മുഴുവൻ സമയത്തേക്കും നിയമിക്കേണ്ടതുണ്ട് എന്നും അഞ്ച് പഞ്ചായത്ത് സ്റ്റാഫിനെ മുഴുവൻ സമയത്തേക്കും കടവുകളിൽ നിയമിക്കാനുള്ള ഭൗതിക സാഹചര്യം പഞ്ചായത്തിലില്ല എന്നും ഈ സാഹചര്യത്തിൽ ഇക്കാര്യത്തിലുള്ള വീഴ്ചയുടെ ഉത്തരവാദിത്തം കടവ് സൂപ്പർവൈസർമാർക്കാണെന്നും ആയത് ജോലി ഭാരത്തിന്റെ ഭാഗമായി ഉണ്ടായതെന്നും ശ്രീ.എം.രവീന്ദ്ര 30.11.2017- ൽ സർവ്വീസിൽ നിന്നും വിരമിച്ചതായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ.എം. രവീന്ദ്രയ്ക്ക് എതിരെ പഞ്ചായത്ത് ഡയറക്ടർ തലത്തിൽ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിക്കുകയും K S R പാർട്ട് I I I റൂൾ 3 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി പരാമർശം (5) നടപടിക്രമം പ്രകാരം സർക്കാരിലേക്ക് ശുപാർശ ചെയ്യുകയും ചെയ്തു.

തുടർന്ന് ശ്രീ.എം. രവീന്ദ്രയ്ക്ക് എതിരെ KSR പാർട്ട് III റൂൾ 3(a) പ്രകാരം ടിയാന്റെ പെൻഷനിൽ നിന്നും 600 രൂപാ വീതം 4 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്തു കൊണ്ട് പരാമർശം (6) പ്രകാരം സർക്കാർ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും, ആയതിന് ശ്രീ.രവീന്ദ്ര പരാമർശം (7) പ്രകാരം മറുപടി ലഭ്യമാകുകയും ചെയ്തിരുന്നു. തുടർന്ന് ടിയാനെതിരെ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ

പരാമർശം (8) പ്രകാരം ചുമതലപ്പെടുത്തുകയും ആയതിന് കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (9) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ഔപചാരിക അന്വേഷണ റിപ്പോർട്ട് പ്രകാരം, നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് 2001, നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങൾ 2002 പ്രകാരമാണ് കടവുകളിലെ മണൽവാരൽ, വിൽപ്പന എന്നീ പ്രവർത്തനങ്ങൾ നടത്തേണ്ടത് എന്നും കടവുകളിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി ജില്ലാ കളക്ടറാണ് ഓരോ കടവുകളിലും കടവു കമ്മിറ്റികൾ രൂപീകരിക്കുന്നത് എന്നും മണൽ വിതരണം മോണിറ്റർ ചെയ്യുന്നത് കടവു കമ്മിറ്റികളാണ് എന്നും പഞ്ചായത്തിലെ അമിതമായ ജോലി ഭാരത്തിനിടയിലും കടവുകൾക്കാവശ്യമായ പി ഫോറങ്ങൾ കടവ് സൂപ്പർവൈസർമാർക്ക് വിതരണം ചെയ്യുകയും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടതായും, ചട്ടം 16 (ജെ) പ്രകാരം കടവിൽ നിന്ന് കൊണ്ടുപോകുന്ന ഓരോ ലോഡ് മണലിനും പാസ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ സെക്രട്ടറിയാണ് എന്നും ടി പ്രവർത്തനം നടത്തുന്നതിന് കടവ് സൂപ്പർവൈസർമാരെ നിയോഗിച്ചിട്ടുള്ളതിനാൽ ആയത് നിർവഹിക്കുന്നതിന്റെ ഉത്തരവാദിത്വം കടവ് സൂപ്പർവൈസർമാർക്കാണ് എന്നും ആയത് മോണിറ്റർ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ് എന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

കടവുകളിൽ മണൽ പാസ് അനുവദിക്കാനുള്ള ചുമതല കടവ് സൂപ്പർ വൈസർക്കാണ് എന്നും മാത്രമല്ല പി ഫോറങ്ങളിൽ മണൽ കൊണ്ടുപോകുന്ന വാഹനത്തിന്റെ തരവും നമ്പരും, മണലിന്റെ അളവും രേഖപ്പെടുത്തുന്നത് കടവ് സൂപ്പർവൈസർമാരാണ് എന്നും മണൽ കൊണ്ടുപോകുന്ന വാഹനത്തിന്റെ തരം , നമ്പർ , മണലിന്റെ അളവ് എന്നീ വിവരങ്ങൾ പഞ്ചായത്തിലെ അഞ്ച് കടവിലും പഞ്ചായത്ത് നേരിട്ട് പരിശോധിച്ചാലേ കൃത്യത ഉറപ്പ് വരുത്താൻ സാധിക്കുകയുള്ളൂ എന്നും ഇത്തരത്തിലുള്ള പരിശോധന നടത്തണമെങ്കിൽ ഓരോ കടവുകളിലും ഓരോ പഞ്ചായത്ത് ജീവനക്കാരനെ മുഴുവൻ സമയത്തേക്കും നിയമിക്കേണ്ടതുണ്ട് എന്നും അഞ്ച് കടവുകളിലായി അഞ്ച് ജീവനക്കാരനെ മുഴുവൻ സമയത്തേക്കും കടവുകളിൽ നിയമിക്കാനുള്ള ജീവനക്കാർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പി ഫോറങ്ങളിൽ ഗ്രാമ പഞ്ചായത്തുകൾ ചുമതലപ്പെടുത്തിയ കടവ് സൂപ്പർവൈസറാണ് വണ്ടി നമ്പറുകൾ ചേർക്കുന്നത് എന്നും സൂപ്പർവൈസർമാർ പി ഫോറത്തിൽ രേഖപ്പെടുത്തിയ വണ്ടി നമ്പറുകളിൽ ടിപ്പർ ലോറിക്ക് പകരം ഓട്ടോറിക്ഷയാണ് എന്ന് പരിശോധനയിൽ കണ്ടെത്തിയത് എന്നത് കടവ് സൂപ്പർവൈസറുടെ ഭാഗത്തുനിന്നുണ്ടായ ശ്രദ്ധക്കുറവാണെന്നും <u>തിരക്കുള്ള ഗ്രാമ പഞ്ചായത്ത് എന്ന നിലയിൽ മംഗൽപ്പാടി ഗ്രാമ പഞ്ചായത്തിലെ കടവുകളിൽ നിന്നും മണൽകൊണ്ടുപോകുന്ന വണ്ടികളുടെ നമ്പറുകൾ ചെക്ക് ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനും പ്രയോഗിക ബുദ്ധിമുട്ട് ഉണ്ടായിരുന്നു എന്നും മംഗൽപ്പാടി ഗ്രാമ പഞ്ചായത്തിലെ അഞ്ച് കടവുകളിൽ ഓരോന്നിനും ഓരോ സൂപർവൈസർമാരെ ഗ്രാമ പഞ്ചായത്ത് ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു എന്നും ആയതിനാൽ തന്നെ ഈക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് കടവ് സൂപ്പർവൈസറുടെ മേൽനോട്ടക്കുറവ് കൊണ്ടാണെന്നുമുള്ള ശ്രീ.എം രവീന്ദ്രയുടെ വാദം അംഗീകരിക്കാവുന്നതാണ് എന്നും അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്.</u>

കാസർഗോഡ് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ ഏറ്റവും തിരക്കേറിയ ഗ്രാമ പഞ്ചായത്തുകളിൽ ഒന്നാണ് മംഗൽപ്പാടി ഗ്രാമപഞ്ചായത്ത്. ഗ്രാമപഞ്ചയാത്തിലെ വിവിധങ്ങളായ ജോലികൾക്ക് പുറമെ <u>കടവുകളിലെ മണൽ വാരൽ, വിതരണം ചെയ്യൽ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ശ്രീ.എം രവീന്ദ്രയുടെ ഭാഗത്തുനിന്നും മേൽനോട്ടം നടത്തുന്നതിൽ ശ്രദ്ധക്കുറവ് ഉണ്ടായിട്ടുണ്ടെങ്കിലും ശ്രീ.എം.രവീന്ദ്ര ഭാഷാ ന്യൂനപക്ഷ (കന്നട ഭാഷാ) വിഭാഗത്തിൽപ്പെട്ടവരായതിനാൽ മലയാള ഭാഷയിൽ വേണ്ടത്ര പരിജ്ഞാനം ഇല്ലാത്തതിനാലും ഗ്രാമ പഞ്ചായത്തിലെ ജോലി തിരക്കും കാരണമാകാം ടിയാളുടെ ഭാഗത്തുനിന്നും ഇത്തരത്തിലുള്ള ശ്രദ്ധക്കുറവ് ഉണ്ടായതെന്നും മേൽ വിഷയത്തിൽ ശ്രീ രവീന്ദ്ര സമർപ്പിച്ച വിശദീകരണം പരിഗണിക്കാവുന്നതാണെന്നും കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.</u>

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കടവുകളിലെ മണൽ വാരൽ , വിതരണം ചെയ്യൽ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ മംഗൽപാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.

എം. രവീന്ദ്രയുടെ ഭാഗത്ത് കൃത്യമായി മേൽനോട്ടം നടത്തുന്നതിൽ ശ്രദ്ധക്കുറവ് ഉണ്ടായിട്ടുണ്ടെന്ന് ഔപചാരിക അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള 600 രൂപാ വീതം 4 വർഷത്തേക്ക് കുറവ് ചെയ്യുന്നതിനുള്ള താൽക്കാലിക ശിക്ഷണ നടപടിയിൽ ഇളവ് വരുത്തി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200 രൂപാ വീതം 2 വർഷത്തേക്ക് കുറവ് ചെയ്യാൻ അന്തിമായി തീരുമാനമെടുത്ത് അപ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ.എം.രവീന്ദ്ര, മുൻ സെക്രട്ടറി, മംഗൽപ്പടി ഗ്രാമപഞ്ചായത്ത്, കാസർഗോഡ് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/308 /2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം
**Signed by Sudheer S S**
**Date: 08-03-2022 12:22:10**

സെക്ഷൻ ഓഫീസർ